(ഡി) സർട്ടിഫിക്കറ്റുകൾക്കായി ഈടാക്കാവുന്ന നിശ്ചിത ഫീസ് അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് 17 രൂപ (അക്ഷയ സംരംഭകർക്ക് 10 രൂപ സ്റ്റാമ്പിന് 5 രൂപ, ഡിപ്പാർട്ട്മെന്റ് സർവ്വീസ് ചാർജ്ജ് 2 രൂപ) സർവ്വീസ്ചാർജ്ജ് നൽകേണ്ടതും രേഖകൾ സ്കാൻ ചെയ്യുന്നതിലേക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിൽ നൽകേണ്ടതുമാണ്.

(ബി) ഇല്ല. പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ജില്ലാ അക്ഷയ കോർഡിനേറ്റർമാരോട് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശിപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റുകൾക്കാവശ്യമായ രേഖകളുടെയും ഫീസിന്റെയും വിവരം പൊതുജനങ്ങൾക്കുവേണ്ടി പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സർട്ടിഫിക്കറ്റുകൾക്കായി ഈടാക്കാവുന്ന നിശ്ചിത ഫീസ് അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പരിശോധിക്കുന്നതിലേയ്ക്കായി ജില്ലാ അക്ഷയ കോർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കോങ്ങാട് മണ്ഡലത്തിലെ സാധാരണ കുടിയേറ്റ കർഷകർക്ക് (1970-ന് മുമ്പ് കുടിയേറിയവർക്ക്) പട്ടയം

194(3116) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിലെ നാമമാത്രമായ സാധാരണ കുടിയേറ്റ കർഷകർക്ക് (1970-ന് മുമ്പ് കുടിയേറിയവർക്ക്) പട്ടയം നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽ ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ. കെ. ബാബു സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി

195(3117) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ പുല്ലമ്പാറ വില്ലേജിൽ ശ്രീമതി തേവി ചെറുപെണ്ണ്, മലവിള പുത്തൻവീട്, പുലയനകുന്ന്, പുല്ലമ്പാറ എന്നയാൾക്ക് പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽപ്പെട്ട എത്ര ഭൂമിയാണ് പാട്ടത്തിന് നൽകിയിരുന്നത് ; എന്നുമുതൽക്കാണ് പാട്ടം പ്രാബല്യത്തിൽ വന്നത് ; എത്ര നാളത്തേക്കാണ് പാട്ടത്തിന് നല്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പാട്ടത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ശ്രീമതി തേവി ചെറുപെണ്ണ് 26-3-2000-ൽ മരണപ്പെട്ടതിനുശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബു പുലയനകുന്ന് തടത്തരികത്ത് പുത്തൻവീട്, വെള്ളൂമണ്ണാടി. പി.ഒ. എന്നയാൾ പാട്ടക്കുടിശിക അടച്ചിട്ടുണ്ടോ ; നിലവിൽ ഈ ഭൂമിക്ക് പാട്ടക്കുടിശികയുണ്ടോ എന്നുള്ള വിവരം അറിയിക്കുമോ ;

(ഡി) ശ്രീമതി തേവി ചെറുപെണ്ണിന്റെ കാലശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബുവിന് പ്രസ്തുത ഭൂമി കൈവശം വച്ച് അനുഭവിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഇ) സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ആവശ്യത്തിനായി പ്രസ്തുത 57/16 സർവ്വേ നമ്പർ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും എത്ര വീതമാണ് നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly